ഭരണഭാഷ- മാതൃഭാഷ

**സർക്കാർ പോളിടെക്‌നിക്ക് കോളേജ്-നെടുമങ്ങാട്-695541**

ഇ-മെയിൽ-gptcnedumangad@gmial.com

ഫോൺ നമ്പർ-0472-2802686

**GPCNDD/144/2025-A6** **23-06-2025**

## ക്വട്ടേഷൻ നോട്ടീസ് -1/2025-26

നെടുമങ്ങാട് സർക്കാർ പോളിടെക്‌നിക് കോളേജിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും ജീവനക്കാർക്കും വേണ്ടി 2025-26 വർഷം 31.03.2026 വരെ ക്യാൻ്റീൻ നടത്തുവാൻ താല്പര്യമുള്ള പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും അനബന്ധമായി ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്യാൻ്റീൻ പ്രവർത്തിപ്പിക്കുന്നതിന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും - 30/06/2025 ഉച്ചക്ക് 03.00 മണി.ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും - 01/07/2025 രാവിലെ 11.00 മണി.**

താഴെ പറയുന്ന ഭക്ഷ്യവസ്തുക്കളുടെയും പാനീയങ്ങളുടെയും തൂക്കവും വിലയും പ്രത്യേകം രേഖപ്പെടുത്തിയായിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. കുറഞ്ഞത് 1(ഒന്ന്) രൂപയുടെ ഗുണിതങ്ങളായി വേണം വിലകൾ രേഖപ്പെടുത്തേണ്ടത്.സാധനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ് മില്ലി/ഗ്രാം |
|---|---|---|
| 1 | ചായ, കാപ്പി, പാൽ, കട്ടൻ ചായ | 150 മി.ല്ലി |
| 2 | ഉഴുന്നുവട, പഴംപൊരി, പരിപ്പുവട, മോദകം, ഉണ്ണിയപ്പം, ഉള്ളിവട | 60 ഗ്രാം |
| 3 | ഉപ്പുമാവ് | 150 ഗ്രാം |
| 4 | ദോശ, ഇഡ്ഢലി, പുട്ട്, വെള്ളയപ്പം | 60 ഗ്രാം |
| 5 | പൂരി (3 എണ്ണം), മസാല | 200 ഗ്രാം |
| 6 | ബറോട്ട, ചപ്പാത്തി, പത്തിരി | 80 ഗ്രാം |
| 7 | ഊണ്, (സാമ്പാർ, അവിയൽ, തോരൻ, മോര്, രസം, അച്ചാർ, പപ്പടം) | 500 ഗ്രാം |
| 8 | വെജിറ്റബിൾ കറി, തക്കാളി കറി, കടലക്കറി | 100 ഗ്രാം |
| 9 | മുട്ട കറി | 100 ഗ്രാം |
| 10 | കപ്പ | 200 ഗ്രാം |

| | | |
|---|---|---|
| 11 | മീൻ കറി | 60 ഗ്രാം |
| 12 | മീൻ വറുത്തത് | 50 ഗ്രാം |
| 13 | ചിക്കൻ കറി | 200 ഗ്രാം |
| 14 | ചിക്കൻ ബിരിയാണി | 400 ഗ്രാം |
| 15 | ബീഫ് കറി | 150 ഗ്രാം |
| 16 | ബീഫ് ബിരിയാണി | 400 ഗ്രാം |

മേൽ പറഞ്ഞ വിഭവങ്ങൾ മികച്ച ഗുണനിലവാരത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് നൽകുവാൻ തയ്യാറുള്ള വ്യക്തിക്ക്/സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നതായിരിക്കും. ക്വട്ടേഷൻ ഉറപ്പിച്ചു ലഭിക്കുന്ന വ്യക്തി/സ്ഥാപനം 2 2 0 / - രൂപ വിലയുള്ള കേരള മുദ്രപത്രത്തിൽ നിയമാനുസൃതം കരാറിൽ ഏർപ്പെടേണ്ടതാണ്. ക്യാൻറീൻ നടത്തിപ്പിനുള്ള അവകാശം ഉറപ്പിച്ചു ലഭിക്കുന്ന വ്യക്തി/സ്ഥാപനം 31.03.2026 വരെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ക്യാൻറീൻ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്. ഭക്ഷണ വിഭവങ്ങളുടെ വില വിവര പട്ടിക വ്യക്തമായി കാണത്തക്ക വിധം പ്രദർശിപ്പിച്ചിരിക്കണം.

ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ക്യാൻറീൻ പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം,ഫർണിച്ചർ എന്നിവ ഈ സ്ഥാപനത്തിൽ നിന്നും നൽകുന്നതായിരിക്കും വെള്ളക്കരം, വൈദ്യുതിചാർജ്ജ് തുടങ്ങിയ തുകകൾ ഉൾപ്പെട്ട വാടക തുക ഓരോ മാസവും 10-ആം തീയതിക്ക് മുൻപായി ഓഫീസിൽ ഒടുക്കേണ്ടതും, പ്രിൻസിപ്പാളിൻറെ പേരിൽ എടുത്ത് 7000/- (ഏഴായിരം രൂപാ മാത്രം) രൂപയുടെ ഡിമാൻ്റ് ഡ്രാഫ്റ്റ് കരുതൽ ധനമായി മുൻകൂർ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് "<u>ക്യാൻറീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ 01/2025-26</u>" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ന്യായമല്ലെന്ന് തോന്നുന്ന പക്ഷം ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതല്ല. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും അന്തിമ മായി പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

<u>നിബന്ധനകൾ :-</u>

1.കരാർ കാലയളവിൽ, ശനിയാഴ്ച ഉൾപ്പടെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ക്യാൻറീൻ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

2 . വിതരണം ചെയ്യുന്ന ഭക്ഷണ വിഭവങ്ങളുടെ വില നിലവാരം വ്യക്തമായി പ്രസിദ്ധീകരിക്കേണ്ടതാണ്.

3.നിശ്ചിത അളവിലും തൂക്കത്തിലുമായിരിക്കണം ഭക്ഷണ പദാർത്ഥങ്ങൾ വൃത്തിയായി തയ്യാറാക്കി നൽകേണ്ടത്.

4.പാചകാവശ്യങ്ങൾക്കായി എൽ.പി.ജി മാത്രമേ ഉപയോഗിക്കാൻ

**പാടുള്ളൂ.**

**5.ക്യാൻറീൻ കെട്ടിടം, ഫർണിച്ചർ എന്നിവയുടെ സമ്പൂർണ്ണ സുരക്ഷ കരാറുകാരനിൽ നിഷിപ്തമായിരിക്കും. ക്യാൻറീൻ കമ്മിറ്റി കരാറുകാർക്ക് കൈമാറുന്ന ഫർണിച്ചർ, പാത്രങ്ങൾ,എന്നിവയുടെ പട്ടിക കരാറുകാർ സൂക്ഷിക്കേണ്ടതും കരാർ കാലാവധി കഴിയുമ്പോൾ അവ യഥാവിധം തിരകെ ഏൽപ്പിക്കേണ്ടതാണ്.**

**6.നോട്ടീസിൽ പ്രതിപാദിച്ചിട്ടില്ലാത്ത സാധനങ്ങൾ വിൽപ്പന നടത്തുന്നതിന് ക്യാൻറീൻ കമ്മിറ്റിയുടെ അംഗീകാരം തേടേണ്ടതാണ്.**

**7.ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്ന ലൈസൻസ് ഉള്ളവരായിരിക്കണം. ഭക്ഷ്യസുരക്ഷാവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഭക്ഷ്യ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

**8.ക്യാൻറീൻ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് കാർഡ് നിർബന്ധമാണ്.**

**PARVATHY BHASKAR**

**Principal in charge**

പകർപ്പ്:

1. കോളേജ് നോട്ടീസ് ബോർഡ്.
2. വിവിധ സർക്കാർ/അർദ്ധ സർക്കാർ /സഹകരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡ്
3. ഓഫീസ് കോപ്പി / കരുതൽ ഫയൽ.

Signed by
Parvathy Bhaskar
Date: 23-06-2025 15:26:39